**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :*52      26.04.2017 ൽ മറുപടിക്ക്

# പരമ്പരാഗത വ്യവസായമേഖലയുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.സി.എഫ്.തോമസ്<br>ഡോ.എൻ.ജയരാജ് | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) പരമ്പരാഗത വ്യവസായമേഖലയിൽ മുതൽ മുടക്കിയിട്ടുള്ളവരും തൊഴിലാളികളും നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് ഈ സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; | (എ) പരമ്പരാഗത വ്യവസായ മേഖലയിലെ പ്രതിസന്ധികൾ കൃത്യമായി വിലയിരുത്തി അവ പരിഹരിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇക്കാര്യത്തിൽ പ്രത്യേകം പഠനങ്ങളൊന്നും നടത്തിയിട്ടില്ല. |
| (ബി) പ്രസ്തുത മേഖലയുടെ തകർച്ച ഇന്നത്തെ നിലയിൽ തുടർന്നാൽ വൻ സാമ്പത്തിക ദുരന്തത്തിന് ഇടയാകുമെന്നകാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) പരമ്പരാഗത വ്യവസായ മേഖലയെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിനും ഈ മേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിനും ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |
| (സി) സംസ്ഥാനത്ത് പരമ്പരാഗത മേഖലയിലെ വ്യവസായങ്ങളുടെയും തൊഴിലാളികളുടെയും സംരക്ഷണത്തിന് എന്തെങ്കിലും പാക്കേജ് ആവിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (സി) വിവിധ മേഖലകളിലെ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. കൈത്തറി മേഖലയിൽ ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി, നെയ്ത്തുകാർക്ക് വിദഗ്ധപരിശീലനം നൽകുന്നതിനുള്ള പദ്ധതി, നെയ്ത്തുകാർക്കും മറ്റ് അനുബന്ധതൊഴിലാളികൾക്കുമുള്ള പ്രോത്സാഹന സഹായ പദ്ധതി, കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനുമുള്ള പദ്ധതി, വിപണി കയറ്റുമതി പ്രോത്സാഹനപദ്ധതി, തുടങ്ങിയവ നടപ്പാക്കിവരുന്നു. കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ നൽകുന്നതിനും അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയും നടപ്പിലാക്കിവരുന്നു.<br>കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് 'Assistance Scheme for Handicrafts Artisans (ASHA)' എന്ന പദ്ധതി, വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി |

പദ്ധതി, കരകൗശല മേഖലയിൽ ക്ലസ്റ്ററുകൾ സ്ഥാപിക്കുന്ന തിനുള്ള പദ്ധതി, പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി എന്നിവ നടപ്പാക്കിവരുന്നു. കരകൗശല തൊഴിലാളികളുടെ പ്രോത്സാഹ നത്തിനായി ദേശീയ അവർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡ് തുക 50,000/- ആയി വർദ്ധിപ്പിച്ച് ആദ്യമായി നടപ്പാക്കി.

ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഈ മേഖലയിലെ പൊതുമേഖലസ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപറേഷൻ മുഖേന സാമൂഹ്യ യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളുടെ ശാക്തീകരണം, സ്ലീവറിംഗ് യൂണിറ്റുകളുടെ സ്ഥാപനം, ഫീഡർ യൂണിറ്റുകൾ/ പ്രീ-പ്രോസസിംഗ് യൂണിറ്റുകൾ പുനഃക്രമീകരിച്ച് ശക്തിപ്പെടു ത്തൽ, മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. ഖാദി ഗ്രാമവ്യവസായ മേഖലയിൽ വായ്പ പദ്ധതികൾ നടപ്പാക്കിവരുന്നു.

കയർമേഖലയിൽ തൊഴിലാളികളുടെ ഉൽപ്പാദന ക്ഷമതയും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിനും ആഭ്യന്തര വിദേശ വിപണികൾ ശക്തിപ്പെടു ത്തുന്നതിനും പരമ്പരാഗത തൊഴിലാളിക ളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവത്കരണം നടത്തുന്നതിനും വില വ്യതിയാനം പരിഹരിക്കുന്നതിനും കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉൽപ്പാദനം നടത്തുന്നതിനും ക്ലസ്റ്റർ വികസന പദ്ധതി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരി ച്ചിട്ടുണ്ട്.

പരമ്പരാഗത കശുവണ്ടി മേഖലയിൽ തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതി നായി കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള നടപടികൾ കശുവണ്ടി വികസന കോർപറേഷൻ, കാപെക്സ് എന്നീ സ്ഥാപനങ്ങൾ മുഖേനെ സ്വീകരിച്ചു വരുന്നു. ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി പരമാവധി സംഭരിച്ച് തൊഴിലാളികൾക്ക് തൊഴിൽദിനങ്ങൾ നൽകുന്നത് ലക്ഷ്യമിടുന്നു.

സെക്ഷൻ ഓഫീസർ